## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

18.06.2012 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1600

**<u>പിന്നോക്ക സമുദായങ്ങൾക്ക് സംവരണം ഉറപ്പാക്കൽ</u>**

**ചോദ്യം** — ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

**ഉത്തരം** — ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)

(എ) സംസ്ഥാന സർവ്വീസിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും, ജുഡീഷ്യൽ സ്ഥാപനങ്ങളിലും, പിന്നോക്ക സമുദായങ്ങൾക്ക് സംവരണം കൃത്യമായി ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ എന്തെല്ലാം സംവിധാനമാണുള്ളത് എന്ന് പറയാമോ;

(എ) സംസ്ഥാന സർവ്വീസ്സിലേക്കും പൊതുമേഖലാ സ്ഥാപനങ്ങളിലേക്കും ജുഡീഷ്യൽ സ്ഥാപനങ്ങളിലേക്കും; പി.എസ്.സി.മുഖേന ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ശുപാർശ ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ, 14 മുതൽ 17 വരെയുള്ള ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. പിന്നാക്ക വിഭാഗങ്ങൾ ഉൾപ്പെടെയുള്ള സംവരണ സമുദായങ്ങൾക്ക് നിയമപരമായി ഉദ്യോഗങ്ങളിൽ ലഭിക്കേണ്ടുന്ന "സംവരണക്വാട്ട" നഷ്ടപ്പെടാതെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിലേക്കായി കേരള സ്റ്റേറ്റ് &സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ 14,15,17 എന്നീ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തികൊണ്ട് 08.03.2006 ലെ G.O.(P)No:7/2006/P&ARD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇവ വിലയിരുത്തുന്നതിന് എന്തെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതിലേക്കായി 21.07.2010 ലെ സ.ഉ(എം.എസ്)83/10/പജപവവിവ, 20.08.2011 ലെ സ.ഉ(എം.എസ്)85/11/പജപവവിവ എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം ബഹു:മുഖ്യമന്ത്രി ചെയർമാനായുള്ള ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. **സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.**

(സി) മൊത്തം ഒഴിവുകളെ 20-ന്റെ യൂണിറ്റുകൾ ആക്കുന്നതിനുപകരം ഒരൊറ്റയൂണിറ്റായി പരിഗണിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ?

(സി) 1958 ലെ കേരള സ്റ്റേറ്റ് &സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 14(a)യിലെ വ്യവസ്ഥ പ്രകാരം നിയമന ശുപാർശ നടത്തേണ്ടുന്നത് ഇരുപതിന്റെ യൂണിറ്റടിസ്ഥാനത്തിലാണ്. സിവിൽ അപ്പീൽ നമ്പർ 1991/2009-ൽ ഉള്ള സുപ്രീംകോടതിയുടെ 30.03.2009 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള യൂണിറ്റ് സമ്പ്രദായംതന്നെ; പി.എസ്.സി. നിയമനങ്ങളിൽ തുടരുവാനും നിലവിലുള്ള യൂണിറ്റ് വ്യവസ്ഥകളിൽ ഭേദഗതി വരുത്തേണ്ടതില്ലായെന്നുമാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം - I

**കേരള സർക്കാർ**

<u>സംഗ്രഹം</u>

പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് - മറ്റ് പിന്നോക്ക വിഭാഗക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് വകുപ്പുകളുടെ, പ്രവർത്തനനിലവാരം വിലയിരുത്തുന്നതിനായുള്ള ഉന്നതാധികാര **സമിതി** രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**പട്ടികജാതി പട്ടിക വർഗ്ഗ വികസന(എഫ്) വകുപ്പ്**

**സ.ഉ.(എം.എസ്) 83 /10 /പജവവവിവ** **തീയതി, തിരുവനന്തപുരം, 21 /07/2010**

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം: ജി.ഒ.(പി)നം. 8/ 2006 /പജപവവിവ. തീയതി, 02/02/ 2006

## <u>ഉത്തരവ്</u>

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ സർവ്വീസിലെയും സ്വയംഭരണസ്ഥാപനങ്ങളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും സർവ്വകലാശാലകളിലേയും പട്ടികജാതി/ പട്ടികവർഗ്ഗവിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട **മുഖ്യമന്ത്രി** അദ്ധ്യക്ഷനായി ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥൻമാരും അംഗങ്ങളായി ഒരു ഉന്നതതല **മോണിട്ട**റിംഗ് കമ്മറ്റി രൂപീകരിച്ചതുപോലെ മറ്റു പിന്നോക്ക വിഭാഗങ്ങളുടെ കാര്യത്തിലും **ഒരു ഉന്നതതല** സമിതി രൂപീകരിക്കുന്നതിനായി തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് സർക്കാർ **സർവ്വീസിലും** പൊതുമേഖലാസ്ഥാപനങ്ങളിലും മറ്റ് പിന്നോക്കവിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയി**രുത്തുന്നതി**നായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായി ചുവടെ പറയുന്ന അംഗങ്ങളെ ഉ**ൾപ്പെടുത്തി** കമ്മറ്റി രൂപീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| മുഖ്യമന്ത്രി | ചെയർമാൻ |
| പട്ടികജാതി പട്ടികവർഗ്ഗക്ഷേമവും വൈദ്യുതിയും വകുപ്പു മന്ത്രി | വൈസ് ചെയർമാൻ |
| ശ്രീ. കെ. കുഞ്ഞുരാമൻ.എം.എൽ.എ. | മെമ്പർ |
| ശ്രീമതി. ഷൈലജ ടീച്ചർ എം.എൽ.എ | മെമ്പർ |
| ശ്രീ.പി.ടി.എ. റഹീം. എം.എൽ.എ | മെമ്പർ |
| ശ്രീ. സി.എം.ദിനേശ് മണി.എം.എൽ.എ | മെമ്പർ |
| ശ്രീ.ചെന്താമരാക്ഷൻ. എം.എൽ.എ | മെമ്പർ |
| ശ്രീ.കെ.ടി.ജലീൽ എം.എൽ.എ | മെമ്പർ |
| ശ്രീ.കെ.കെ.ജയചന്ദ്രൻ.എം.എൽ.എ | മെമ്പർ |
| ശ്രീ.സി.കെ.സദാശിവൻ.എം.എൽ.എ | മെമ്പർ |
| ശ്രീ.ആനത്തലവട്ടം ആനന്ദൻ.എം.എൽ.എ | മെമ്പർ |
| ശ്രീ.എ.എ.അസീസ്.എം.എൽ.എ | മെമ്പർ |
| അഡ്വ.എൻ.അനിരുദ്ധൻ.എം.എൽ.എ | മെമ്പർ |
| ശ്രീ.അടൂർ പ്രകാശ്.എം.എൽ.എ | മെമ്പർ |
| ശ്രീ.കുട്ടി അഹമ്മദ് കുട്ടി.എം.എൽ.എ | മെമ്പർ |
| ചീഫ് സെക്രട്ടറി | മെമ്പർ |
| പ്രിൻസിപ്പൽ സെക്രട്ടറി,ജി.എ.ഡി. | മെമ്പർ |
| പ്രിൻസിപ്പൽസെക്രട്ടറി,എസ്.സി/എസ്.റ്റി ഡവലപ്പ്മെന്റ്ഡിപ്പാർട്ട്മെന്റ് | മെമ്പർ |
| സെക്രട്ടറി, പബ്ളിക് സർവ്വീസ് കമ്മീഷൻ | മെമ്പർ |
| ജോയിൻറ് സെക്രട്ടറി,ജി.എ.ഡി.(എംപ്ലോയ്മെൻറ് സെൽ) | മെമ്പർ |
| സെക്രട്ടറി ഇൻ ചാർജ് ബ്യൂറോ ഓഫ് പബ്ളിക് എന്റർപ്രൈസസ് | മെമ്പർ |

സർക്കാർ സർവ്വീസിലെ പ്രാതിനിധ്യം വിലയിരുത്തുന്നതിനുള്ള യോഗത്തിൽ കമ്മറ്റിയുടെ കൺവീനർ പൊതുഭരണവകുപ്പിലെ (എംപ്ലോയ്മെന്റ് സെൽ) ജോയിന്റ് സെക്രട്ടറിയും പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനുള്ള യോഗത്തിൽ ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്-ന്റെ ചാർജ്ജുള്ള സെക്രട്ടറിയും ആയിരിക്കും.

അനൗദ്യോഗിക അംഗങ്ങളുടെ റ്റി.എ/ ഡി.എ. അനുവദിക്കുന്ന കാര്യത്തിൽ കമ്മറ്റിയെ [illegible] ക്ലാസ് കമ്മറ്റിയായാണ് പരിഗണിക്കുന്നത്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പോൾ ആന്റണി,

പ്രിൻസിപ്പൽ സെക്രട്ട

ചെയർമാൻ, വൈസ് ചെയർമാൻ, കമ്മറ്റിയിലെ എല്ലാ മെമ്പർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ,പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗവികസന വകുപ്പ്, തിരുവനന്ത പുരം
സെക്രട്ടറി, ബ്യൂറോ ഓഫ് പബ്ലിക് എൻറർപ്രൈസസ്
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ
ഡയറക്ടർ, പബ്ളിക്ക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറിയേറ്റിലെ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ
അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും
ഫിനാൻസ്/നിയമവകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
കരുതൽഫയൽ/ആഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പട്ടികജാതി പട്ടികവർഗ്ഗക്ഷേമവും വൈദ്യുതിയും വകുപ്പുമന്ത്രിയുടെ
പ്രൈവറ്റ് സെക്രട്ടറിക്ക്

ശരിപകർപ്പ്

സെക്ഷൻ ഓഫീസർ

അനുബന്ധം - II

**കേരള സർക്കാർ**

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്—മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട് വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള ഉന്നതാധികാര സമിതി പുനഃസംഘടിപ്പിച്ച് ഉത്തരവാകുന്നു

---

## പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്

സ. ഉ. (എംഎസ്.) നമ്പർ 85/11/പജ.പവ.വിവ. *തിരുവനന്തപുരം, 2011 ആഗസ്റ്റ് 20.*

---

പരാമർശം:— 1. 2-2-2006-ലെ സ. ഉ. (പി) നമ്പർ 8/2006/പജ.പവ.വിവ. ✓

2. 21-7-2010-ലെ സ. ഉ. (എംഎസ്.) നമ്പർ 83/10/പജ.പവ.വിവ.

### ഉത്തരവ്

സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി പരാമർശം 2-ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച ഉന്നതാധികാര സമിതി താഴെ പറയുന്ന പ്രകാരം പുനഃസംഘടിപ്പിച്ച് ഉത്തരവാകുന്നു.

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ചെയർമാൻ |
| പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും ടൂറിസവും വകുപ്പുമന്ത്രി | : | വൈസ് ചെയർമാൻ |
| ശ്രീ. കെ. അച്ചുതൻ, എം. എൽ. എ. | : | അംഗം |
| ശ്രീ. എ. റ്റി. ജോർജ്, എം. എൽ. എ. | : | അംഗം |
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം. എൽ. എ. | : | അംഗം |
| ശ്രീ. റ്റി. എൻ. പ്രതാപൻ, എം. എൽ. എ. | : | അംഗം |
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി, എം. എൽ. എ. | : | അംഗം |
| ശ്രീ. സി. പി. മുഹമ്മദ്, എം. എൽ. എ. | : | അംഗം |
| ശ്രീ. ഹൈബി ഈഡൻ, എം. എൽ. എ. | : | അംഗം |
| ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി, എം. എൽ. എ. | : | അംഗം |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി, എം. എൽ. എ. | : | അംഗം |

GCPT. 3/521/2012/DTP.

| | | |
|---|---|---|
| ശ്രീ. കെ. എം. ഷാജി, എം. എൽ. എ. | : | അംഗം |
| ശ്രീ. എ. എ. അസീസ്, എം. എൽ. എ. | : | അംഗം |
| ശ്രീ. കെ. കെ. ജയചന്ദ്രൻ, എം. എൽ. എ. | : | അംഗം |
| ശ്രീ. കെ. രാജു, എം. എൽ. എ. | : | അംഗം |
| ചീഫ് സെക്രട്ടറി | : | അംഗം |
| പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് | : | അംഗം |
| സെക്രട്ടറി, പൊതുഭരണ വകുപ്പ് | : | അംഗം |
| സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ | : | അംഗം |
| ജോയിന്റ് സെക്രട്ടറി, പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ) വകുപ്പ് | | അംഗം |
| സെക്രട്ടറി, ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് | : | അംഗം |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. എസ്. സുബ്ബയ്യ,
*പ്രിൻസിപ്പൽ സെക്രട്ടറി.*

ചെയർമാൻ, വൈസ് ചെയർമാൻ,
കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും (ആമുഖ കത്ത് സഹിതം).
ദി പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം (പ്രചരണത്തിനായി).
സെക്രട്ടേറിയറ്റിലെ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും.
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, തിരുവനന്തപുരം.
എല്ലാ വകുപ്പുമേധാവികൾക്കും പൊതുമേഖലാ സ്ഥാപന മേധാവികൾക്കും.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.
പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ) വകുപ്പ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

---

ശരിപകർപ്പ്

[signature]
സെക്ഷൻ ഓഫീസർ